(സി) സെറിഫെഡിലെ ജീവനക്കാർക്ക് ശമ്പളം പ്ലാൻ സ്കീമിൽ നിന്നാണോ അനുവദിച്ചു നൽകുന്നത് ;

(ഡി) പ്ലാൻ സ്കീമിൽ നിന്നാണ് ശമ്പളം നൽകുന്നതെങ്കിൽ ഇവരുടെ ശമ്പളം നോൺ പ്ലാൻ സ്കീമിൽനിന്നും നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പദ്ധതിയിനത്തിലോ പദ്ധതിയേതര (നോൺ പ്ലാൻ) വിഹിതത്തിലോ ശമ്പളമുൾപ്പെടെയുള്ള ഭരണച്ചെലവുകൾക്ക് വാർഷിക ബഡ്ജറ്റിൽ തുക വകയിരുത്താത്തതുകൊണ്ടാണ് സെറിഫെഡിലെ ജീവനക്കാർക്ക് കഴിഞ്ഞ അഞ്ചുമാസമായി ശമ്പളം നൽകാൻ കഴിയാതിരുന്നത്.

(ബി) ഇല്ല. 2003 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ കുടിശ്ശിക ശമ്പളം വിതരണം ചെയ്തിട്ടുണ്ട്.

(സി) അതെ.

(ഡി) ഈ ആവശ്യം പരിശോധിച്ചു വരികയാണ്.

(30-6-2003-ലെ നക്ഷത്രചിഹ്നമിടാത്ത 1532-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

II അടിയന്തരപ്രമേയം

മാറാട് രണ്ടു കുടുംബങ്ങളെ പുനരധിവസിപ്പിച്ചതിനെത്തുടർന്ന് ഉളവായ ഗുരുതരമായ സ്ഥിതിവിശേഷം

മി. സ്പീക്കർ : മാറാട് ആക്രമണത്തിൽ ഭയന്നോടിപ്പോയതും ഇപ്പോൾ സ്വന്തം വീടുകളിലേയ്ക്ക് തിരിച്ചുകൊണ്ടുവന്നിട്ടുള്ളതുമായ കുടുംബങ്ങളെ ആർ.എസ്.എസ്. ഭീഷണിക്കും സമ്മർദ്ദത്തിനും വഴങ്ങി അധികൃതർ ഇന്നലെ തിരിച്ചയച്ചിരിക്കുന്നു. പുനരധിവാസം പാടെ പാളിപ്പോകുകയും നിയമവാഴ്ച ഇല്ലാതാകുകയും ചെയ്തതിനെത്തുടർന്ന് ജനങ്ങളാകെ ഭയചകിതരും അരക്ഷിതരുമായിരിക്കുന്ന അത്യന്തം ഗുരുതരവും ബോധപൂർവ്വവുമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. മത്തായി ചാക്കോ, കെ. പി. രാജേന്ദ്രൻ, എ. എ. അസീസ്, എ. സി. ഷൺമുഖദാസ്, വി. സി. കബീർ, പി. സി. ജോർജ്, കെ. പി. മോഹനൻ, ഡോ. കെ. സി. ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

9 A.M.]

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, മാറാട് സംഭവത്തോടനുബന്ധിച്ച് വീട് വിട്ടുപോയ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 25-6-2003-ന് രാവിലെ 11 മണിക്ക് കോഴിക്കോട് ആർ.ഡി.ഒ. യുടെ നേതൃത്വത്തിൽ രണ്ട് കുടുംബങ്ങൾ മാറാട് എത്തി. അവർ അവരുടെ വീടുകളിൽ കയറിയ

LIBRARY ARCHIVES Kerala Legislative Assembly

സമയം പരിസരവാസികളായ അരയ സമുദായത്തിൽപ്പെട്ട നൂറിലധികം സ്ത്രീകൾ അവിടെ തടിച്ചുകൂടി. അവർ റോഡിലും താമസിക്കാൻ വന്നവരുടെ വീടുകൾക്ക് മുന്നിലും ബഹളംവയ്ക്കുകയും മുദ്രാവാക്യം വിളിച്ച് പ്രകോപിതരായി നിലകൊള്ളുകയുംചെയ്തു. അവിടെ ക്യാമ്പ് ചെയ്തിരുന്ന സുശക്തമായ പോലീസ് പാർട്ടി അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതെ നോക്കുകയുണ്ടായി. അവിടെ താമസിക്കാൻ എത്തിയ ബിച്ചുബീവിയും കുടുംബവും 26-6-2003-ന് സ്വമേധയാ മടങ്ങിപ്പോയി. അരയ സമുദായത്തിൽപ്പെട്ട സ്ത്രീകൾ തുടർന്നും മുദ്രാവാക്യം വിളികളും സമരപരിപാടികളുമായി നിലകൊണ്ട സാഹചര്യത്തിൽ മറിയംബീവിയും കുടുംബവും 29-6-2003-ന് സ്വമേധയാ അവിടെനിന്നു പോയിട്ടുള്ളതാണ്. പുനരധിവാസ ശ്രമങ്ങൾക്ക് തടസ്സം സൃഷ്ടിച്ച മഹിളാ മോർച്ച ജില്ലാസെക്രട്ടറി, ശ്രീമതി ഉമാ ഉണ്ണി തുടങ്ങി ഇരുപതോളം സ്ത്രീകൾക്ക് എതിരെ ബേപ്പൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തു. മാറാട് ശക്തമായ പോലീസ് ബന്തവസ് ഉൾപ്പെടെ സമാധാനം നിലനിർത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്നു കരുതുന്നില്ല.

മി.സ്പീക്കർ : ഒരു സംഭവത്തെക്കുറിച്ചുമാത്രമേ ഒരു അടിയന്തര പ്രമേയത്തിൽ പറയാവു. അല്ലാതെ ലോകത്തുള്ളതെല്ലാം പറഞ്ഞുകൂടായെന്ന് റൂൾ പറയുന്നുണ്ട്. അതുകൊണ്ട് വിശദീകരണക്കുറിപ്പിൽ വേറെ കോഴിക്കോട് അങ്ങനെയുള്ളതൊന്നും പറയണ്ട. മറുപടി മാത്രം പറഞ്ഞാൽ മതി.

ശ്രീ. മത്തായി ചാക്കോ : സർ, മാറാട് കഴിഞ്ഞ മെയ് മാസം 2-ന് അതിഭീകരമായി കൂട്ടക്കുരുതി നടന്നു. ഈ ജൂലൈ മാസം 2 ആകുമ്പോൾ രണ്ടുമാസം പൂർത്തിയാവുകയാണ്. ഇന്നലെയും മിനിഞ്ഞാന്നുമെല്ലാം മാറാടും അതുപോലെതന്നെ കോഴിക്കോട് ജില്ലയിലും ഭീകരമായ ഒരു സ്ഥിതിവിശേഷമാണുള്ളത്. ഇന്ന് പ്രധാനപ്പെട്ട എല്ലാപത്രങ്ങളും, മലയാളമനോരമ ഉൾപ്പെടെ മാറാട് പുനരധിവാസം പാളിയെന്നുള്ള വാർത്ത പ്രസിദ്ധീകരിച്ചിട്ടുണ്ട്. ദേശാഭിമാനിപത്രത്തിലും മാറാട് പുനരധിവസിപ്പിച്ച കുടുംബത്തെ തിരിച്ചയച്ചുവെന്ന വാർത്ത വന്നിട്ടുണ്ട്. മാറാട് ഈ സംഭവങ്ങളെത്തുടർന്ന് 486-ഓളം വരുന്ന കുടുബങ്ങൾ, അതിൽ രണ്ടുവിഭാഗങ്ങളിലുമുള്ളവരുണ്ട്. ഭൂരിഭാഗം വരുന്ന മുസ്ലീം കുടുംബങ്ങളും ആറോളം വരുന്ന ഹിന്ദുകുടുംബങ്ങളും ഭയചകിതരായി ഓടിപ്പോകുന്ന അവസ്ഥയുണ്ടായി. രണ്ടുമാസം കഴിഞ്ഞിട്ടും പീടിക തിണ്ണയിലും അതുപോലെത്തന്നെ ചില ബന്ധുവീടുകളിലുമായി താമസിച്ചുവരുന്ന അവരെ ഏതെങ്കിലും തരത്തിൽ പുനരധിവസിപ്പിക്കാൻ വേണ്ടയാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. അവസാനം സി.പി.ഐ.(എം)-ന്റെ നേതൃത്വത്തിൽ ചാലിയത്ത് വൃദ്ധന്മാരും സ്ത്രീകളും അടങ്ങുന്ന 60 ആളുകൾക്കുവേണ്ടി പ്രത്യേക ക്യാമ്പ് തുടങ്ങി താമസിപ്പിച്ചു. ഈ രണ്ട് മാസത്തിനിടയ്ക്ക്, ഈ കഴിഞ്ഞ ജൂൺമാസം 25 ന് 20 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഔദ്യോഗിക തീരുമാനം ഉണ്ടായിരുന്നു എന്നാണ് അറിയുന്നത്. പക്ഷേ, അവസാന നിമിഷം അവിടത്തെ ഉത്തരമേഖല

LIBRARY ARCHIVES Kerala Legislative Assembly

ഐ.ജി.യുടെ ഉത്തരവുപ്രകാരം ആ 20 കുടുംബങ്ങളിൽ രണ്ടു കുടുംബത്തെ തിരികെ കൊണ്ടുവന്നു. മറിയംബീവിയുടെ കുടുംബത്തെയും മറ്റൊരു കുടുംബത്തെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു നൂറോളം വരുന്ന സ്ത്രീകൾ ഈ രണ്ടുകുടുംബങ്ങളും വന്നതുമുതൽ തുടർച്ചയായി അവിടെ അക്രമം നടത്തുകയുണ്ടായിയെന്ന്, അവരുടെ വീട്ടുവളപ്പിലെ വാഴകൾ മുഴുവൻ വെട്ടിക്കളഞ്ഞു. അതുപോലെതന്നെ വീട്ടിലേയ്ക്ക് തള്ളിക്കയറി ചുമരിനുനേരെ ഒരുപാട് നേരം അക്രമം നടത്തി. വീടിന് പരിസരത്ത് തീയിട്ട് അതിൽ വറ്റൽ മുളക് ഇട്ട് പുകയ്ക്കുന്ന നടപടിയുണ്ടായി. അതുപോലെതന്നെ കിണറ്റിൽ മാലിന്യം കലക്കി. ഇതെല്ലാം ചെയ്യുന്ന സമയത്ത് വൃദ്ധയായ തെക്കേപുറത്തെ മറിയംബീവി, അവരുടെ മകൾ ലൈല, മരുമകൾ ഹൗലത്ത്, ഹൗലത്തിന്റെ ആറ് മാസം പ്രായമുള്ള കുട്ടി. ഇങ്ങനെ സ്ത്രീകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ ആ വീട്ടിൽ 'വീടിനു പുറത്തുള്ള അവരുടെ കുളിമുറിയുടെ വാതിൽ അടിച്ചുപൊളിച്ചു. ഭക്ഷണമോ വെള്ളമോ പ്രാഥമിക സൗകര്യങ്ങളോ ഇല്ലാതെ 5 ദിവസം ആ കുടുംബങ്ങൾ അവിടെനിന്നു. 100-150 ഓളം വരുന്ന പോലീസുകാർ അവിടെ നോക്കുകുത്തിയെപ്പോലെ നിന്നു. ഇത് മലയാളമനോരമ പത്രമാണ്. (പത്രം ഉയർത്തിക്കാണിച്ചു).

മി. സ്പീക്കർ : വായിക്കണ്ട പറഞ്ഞാൽ മതി.

ശ്രീ.മത്തായി ചാക്കോ : സർ, വായിക്കുന്നില്ല. ഇതാ പോലീസുകാർ നോക്കിനിൽക്കുകയാണ്. ഈ അക്രമങ്ങൾ നടക്കുമ്പോൾ ലാത്തിയെല്ലാം പുറകിൽ പിടിച്ച് 150 ഓളം പോലീസുകാർ നോക്കി ഓളം നിൽക്കുകയാണ്. ഈ സ്ത്രീകൾക്കുനേരെ, അവരുടെ മാനുഷിക അവകാശങ്ങൾ ലംഘിച്ചുകൊണ്ട് ഈ പീഡനം നടക്കുമ്പോൾ.***

മി. സ്പീക്കർ : No, No, ഇഒതാന്നും ഇവിടെ പറയണ്ട. പറഞ്ഞാൽ റിക്കാർഡിൽ കാണുകയില്ല.അതൊന്നും പറയണ്ട. ഇതിന്റെ കാര്യം മാത്രം പറഞ്ഞാൽ മതി. ഒരു പശ്ചാത്തലവും പറയണ്ട. you must read the rules. ശ്രീ.മത്തായി ചാക്കോയെപ്പോലെയുള്ളവർ റൂൾ വായിക്കില്ല എന്നുപറഞ്ഞാൽ തെറ്റാണ്. റൂളിൽ പറയുന്നുണ്ട്.

ശ്രീ. മത്തായി ചാക്കോ : സർ, അവിടെ നൂറോളം വരുന്ന സ്ത്രീകൾ ആക്രമിക്കാൻ വന്നപ്പോൾ പോലീസുകാർ അവരെ അറസ്റ്റുചെയ്തു നിക്കീയിരുന്നെങ്കിൽ പ്രശ്നം ഉണ്ടാകുമായിരുന്നോ ? അവിടെ നിയമവാഴ്ച സംപൂർണ്ണമായി തകർന്നിരിക്കുകയാണ്. ഈ പ്രദേശത്തെ മുഴുവൻ ആർ.എസ്.എസ്.ന്റെ കയ്യിലേയ്ക്ക് ഏല്പിക്കുന്ന നിലപാടാണ് ഉണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിലപാടിന്റെ ഭാഗമായി രണ്ട് മാസമായിട്ടും ജൂഡീഷ്യൽ അന്വേഷണം അവിടെ നടത്തിയിട്ടില്ല. ഒരു ഹൈക്കോടതി ജഡ്ജിയെ നിശ്ചയിച്ചിട്ടില്ല. ഇത്രയും പ്രധാനമായി ഒരു സംഭവം ഉണ്ടായിട്ട് ഈ കുറ്റവാളികളുടെ പേരിൽ.....

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അഞ്ചു മിനിറ്റാണ് അനുവദിച്ചിട്ടുള്ളത്.

ശ്രീ. മത്തായി ചാക്കോ : കുറ്റവാളികൾക്കു കുറ്റപത്രം കൊടുക്കുന്നതിന് സന്നദ്ധമായിട്ടില്ല. ഇവർക്ക് സംരക്ഷണം കൊടുക്കാൻ നടപടി ഉണ്ടായിട്ടില്ല. ലീഗിന്റെ നാല് മന്ത്രിമാർ കേരളത്തിൽ ഉണ്ട്. സ്വന്തം മണ്ണിൽ, പിറന്നുവീണ വീട്ടിൽ ഉടുവസ്ത്രം മാറ്റാൻപോലും ആർ.എസ്.എസ്. ന്റെ മുന്നിൽപോയി കാവൽ നിൽക്കേണ്ട ഗതികേട് ഇവിടെ മുമ്പൊരു ഗവൺമെന്റ് ഭരിക്കുമ്പോഴും ഉണ്ടായിട്ടില്ല. ഈ കുടുംബങ്ങൾക്ക് അതും ഭൂരിഭാഗവും സ്ത്രീകളും കുട്ടികളും അടങ്ങുന്ന കുടുംബങ്ങൾക്ക് വീട്ടിൽ താമസിക്കാൻ കഴിയാത്ത രീതിയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആർ.എസ്.എസ്.ന് കീഴടങ്ങി.....

Mr.Speaker : Please resume your seat.

ശ്രീ. മത്തായി ചാക്കോ : അവരുടെ പുനരധിവാസത്തിന് ആവശ്യമായ സൗകര്യങ്ങളുണ്ടാക്കണം. ഗുരുതരമായിട്ടുള്ള ഈ സ്ഥിതിവിശേഷം കെ.പി.സി.സി. പ്രസിഡന്റിനുപോലും രക്ഷയില്ലാത്ത സാഹചര്യം സംബന്ധിച്ച് ഇവരുടെ പുനരധിവാസം സംബന്ധിച്ച് ഈ സഭയുടെ മറ്റ് നടപടികൾ നിർത്തിവെച്ച് ഗൗരവമായി ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, മാറാട് ഉണ്ടായിട്ടുള്ള സംഭവങ്ങളും ഇപ്പോൾ തുടരുന്നതുമെല്ലാം നമ്മുടെ രാജ്യത്തെ എല്ലാ ജനങ്ങളേയും വേദനിപ്പിക്കുന്ന, ദുഃഖിപ്പിക്കുന്ന സംഭവങ്ങളാണ്. 15 മാസങ്ങൾക്കുമുമ്പ് 5 പേർ കൊല്ലപ്പെട്ട ഒരു സ്ഥലത്തെ ഇരു വിഭാഗങ്ങളും സമാധാനം പുനഃസ്ഥാപിച്ചു എന്ന സന്തോഷകരമായ വാർത്തയാണ് ഒരു ഘട്ടത്തിൽ നമുക്കുണ്ടായിരുന്നത്. ഇപ്പുറത്തും അപ്പുറത്തുമുള്ള പല സഹപ്രവർത്തകന്മാരും ഔപചാരികമായിട്ടുള്ള സന്തോഷപ്രകടനത്തിൽ പങ്കെടുക്കുകയും ചെയ്തു. പക്ഷേ, നിർഭാഗ്യവശാൽ, അവിടെ വീണ്ടും ഒരു കൂട്ടക്കുരുതി നടക്കുകയുണ്ടായി. ആ സംഭവം നമ്മുടെ നാട്ടിലെ മനുഷ്യ മനഃസാക്ഷിയെ ഞെട്ടിത്തെറിപ്പിച്ച ഒരു കൊടുംക്രൂരമായ നടപടിയാണ്. അതേത്തുടർന്ന് സമീപകാലത്ത് കേരളം ദർശിക്കാത്ത നിലയിലുള്ള ഒരുപാട് വികാര പ്രകടനങ്ങൾ പല ഭാഗത്തും നടക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങളൊന്നും ഇപ്പോൾ ചർച്ച ചെയ്യേണ്ട സന്ദർഭമല്ല. ഏതായാലും അവിടെ നടന്നത് കേരളത്തിൽ അല്ല, ഒരു പരിഷ്കൃത സമൂഹത്തിലും നടന്നുകൂടാത്ത കൂട്ടക്കുരുതിയായിരുന്നു. പക്ഷേ, ഏത് പ്രശ്നത്തിനും ഒരു പരിഹാരം ഉണ്ടാകേണ്ടേ ? പരിഹാരം ഉണ്ടാക്കാനുള്ള ശ്രമമാണ് അന്നു മുതൽ ഈ നിമിഷം വരെ സർക്കാർ ചെയ്തുകൊണ്ടിരിക്കുന്നത്. മറ്റൊരു നിർഭാഗ്യകരമായ സ്ഥിതിവിശേഷം രണ്ട് ഭാഗവും സർക്കാരിനെ ആക്രമിക്കുന്നുണ്ട് എന്നുള്ളതാണ്. സർക്കാരിന്റെ നിഷ്പക്ഷതയെ ചോദ്യം ചെയ്യുന്നുമുണ്ട്. രണ്ട് ഭാഗം മാത്രമല്ല, സമാധാനം സ്ഥാപിക്കാൻവേണ്ടി ശ്രമിക്കുന്നു എന്നുപറയുന്നവർതന്നെ ആ ശ്രമത്തിന്റെകൂടെ സർക്കാരിനെ അടിക്കാൻ ഒരു വടി കിട്ടിയത് കൊണ്ട് രണ്ട് അടി കിടക്കട്ടെ എന്നുള്ള നിലയിൽ പെരുമാറുന്നുമുണ്ട്. ഇത്തരത്തിലുള്ള യാതൊരു പ്രകോപനത്തിലും കുടുങ്ങാതെ കേരളത്തിൽ സംഭവിക്കാൻ പാടില്ലാത്ത ആ ദുരന്തമുണ്ടായ പ്രദേശത്ത് ക്ഷമയോടുകൂടി, ഭൂമിയോളം ക്ഷമിച്ചുകൊണ്ട്, സംയമനം പാലിച്ചുകൊണ്ട് അവിടെ സമാധാനം പുനഃസ്ഥാപിക്കുക എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരേയൊരു ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. സമാധാനം പുനഃസ്ഥാപിക്കാനുള്ള ആദ്യ നടപടി ഈ കൂട്ടക്കുരുതിയിൽ നേരിട്ടോ അല്ലാതെയോ, പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുത്ത മുഴുവൻ കുറ്റവാളികളേയും പിടികൂടുക, അവർക്ക് നിയമം അനുവദിക്കുന്ന ഏറ്റവും കടുത്ത ശിക്ഷ നൽകുക എന്നതാണ്. മാതൃകാപരമായ ശിക്ഷണ നടപടികളിൽക്കൂടി കുറ്റം ചെയ്തവർക്ക് നിയമാനുസരണം കൊടുക്കേണ്ട ശിക്ഷ വാങ്ങിക്കൊടുക്കാൻ സാധിക്കും. അതിനുവേണ്ടിയാണ് അതിശീഘ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ പോലീസിന്റെ ക്രൈം ബ്രാഞ്ച് വിഭാഗം അവരുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യമായി ഇത് ഏറ്റെടുത്തിരിക്കുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ ക്രൈം ബ്രാഞ്ചിന്റെ സമർത്ഥന്മാരായ പോലീസ് ഉദ്യോഗസ്ഥരെല്ലാം ക്രൈം ബ്രാഞ്ച് ഐ.ജി.യുടെ നേതൃത്വത്തിൽ ഈ ദൗത്യം ഏറ്റെടുത്തുകൊണ്ട് അവരെ ഏൽപ്പിച്ചിരിക്കുന്ന ഈ ചുമതല വിജയിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. മിക്കവാറും പ്രതികളെ അറസ്റ്റ് ചെയ്തുകഴിഞ്ഞു. ഇനി ഏതാനും പ്രതികൾ മാത്രമേയുള്ളൂ. ജൂലായ് മാസം മദ്ധ്യത്തോടുകൂടി ഈ കേസിന്റെ ചാർജ് ഷീറ്റ് കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. സാധാരണഗതിയിൽ കേസിൽ പ്രതികളെ അറസ്റ്റു ചെയ്താൽ ചാർജ് ഷീറ്റ് കൊടുക്കാൻ പലപ്പോഴും വൈകാറുണ്ട്. ചാർജ് ഷീറ്റ് കൊടുത്താലും കേസ് പൂർത്തീകരിക്കാൻ മാസങ്ങളും വർഷങ്ങളും എടുക്കാറുണ്ട്. അത്തരം അലംഭാവം ഉണ്ടാകാതിരിക്കാൻവേണ്ടി ചാർജ് ഷീറ്റ് കൊടുക്കുന്നതിനു മുമ്പ് തന്നെ ഗവൺമെന്റ് ഈ കേസ് സ്പെഷ്യലായി കൈകാര്യം ചെയ്ത് കേസിന്റെ തീർപ്പ് വേഗം കൽപ്പിക്കുന്നതിനുവേണ്ടി തീരുമാനമുണ്ടാകണമെന്ന് ഹൈക്കോടതിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കുറ്റവാളികളെ കണ്ടെത്താനുള്ള എല്ലാ നടപടികളും ശക്തമായി നീങ്ങുന്നു. യാതൊരു സമ്മർദ്ദത്തിനും വഴങ്ങാതെ, ബാഹ്യമായ യാതൊരു സമ്മർദ്ദത്തിനും വഴങ്ങാതെ പരിപൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി ഇതിലെ കുറ്റവാളികളെ മുഴുവൻ അറസ്റ്റ് ചെയ്യാൻ പോലീസിനോട് ആവശ്യപ്പെട്ടു. അവർ അതിന്റെ ചുമതല നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷേ, കുറ്റവാളികളെ അറസ്റ്റ് ചെയ്തതു കൊണ്ടുമാത്രം തീരില്ല. അതുപോലെതന്നെ അവിടെയുണ്ടായ ദുരന്തത്തിൽ നാശനഷ്ടങ്ങൾ ഉണ്ടായവർക്ക്, ബന്ധുക്കൾ നഷ്ടപ്പെട്ടവർക്ക് സഹായം നൽകണം. അതിനുള്ള നടപടികളും ഗവൺമെന്റ് എടുത്തുവരികയാണ്. കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം നൽകിയിട്ടുണ്ട്. മറ്റ് സഹായങ്ങൾ നൽകുന്നുണ്ട്. അതിന്റെ കൂടെ ഇനിയും എന്തൊക്കെ സഹായം ചെയ്യാൻ കഴിയുമെന്നുകൂടി ഗവൺമെന്റ് പരിശോധിക്കുകയാണ്. അതിന്റെ മറ്റൊരു ഭാഗമാണ് ഈ സംഭവം ഉണ്ടായ ഈ ഒരു സാഹചര്യത്തിൽ, അവിടെയുണ്ടായ സംഘർഷത്തിന്റെ അന്തരീക്ഷത്തിൽ, വിദ്വേഷത്തിന്റേയും പകയുടേയും അവിശ്വാസത്തിന്റേയും അന്തരീക്ഷത്തിൽ, അവിടെ നിന്ന് സ്വന്തം വീട് വിട്ടുപോയ വളരെയധികം കുടുംബങ്ങളുണ്ട്. അവർകൂടി തിരിച്ചുവന്ന് സ്വസ്ഥതയോടുകൂടി, സമാധാനത്തോടുകൂടി അവരുടെ മണ്ണിൽ ജീവിക്കാൻ തുടങ്ങുന്നതോടുകൂടി മാത്രമേ മാറാട് പൂർണ്ണ സമാധാനമുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ഒരു ഭാഗത്ത് കുറ്റവാളികളെ പിടികൂടാൻ ശ്രമിക്കുന്നതോടൊപ്പം, അവർക്ക് കടുത്ത ശിക്ഷ വാങ്ങിക്കൊടുക്കാൻ ശ്രമിക്കുന്നതോടൊപ്പം, ദുരന്തത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അകപ്പെട്ടവരുടെ കുടുംബാംഗങ്ങളെ സഹായിക്കാൻ ശ്രമിക്കുന്നതോടൊപ്പംതന്നെ മറുഭാഗത്ത് അവിടം വിട്ടുപോകാൻ ഇടയായിട്ടുള്ള കുടുംബങ്ങളെ അവിടെ തിരിച്ചുകൊണ്ടുവന്ന് അവിടെ സമാധാനം പുനഃസ്ഥാപിക്കാനുമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. നിർഭാഗ്യവശാൽ, വലിയ ഒരു കൂട്ടക്കുരുതി നടന്ന വളരെ ചെറിയ ഒരു പ്രദേശം, വളരെ ചെറിയ ഒരു പ്രദേശത്താണ് ഈ സംഭവങ്ങളെല്ലാം നടന്നത്. അതുകൊണ്ട് അയൽപക്കക്കാരുടെ കുടുംബങ്ങൾ തമ്മിലുള്ള സംശയം, പക, വിദ്വേഷം, അകൽച്ച ഇതെല്ലാം ഇപ്പോഴും നിലനിൽക്കുകയാണ്. ഇത് പരിഹരിക്കാൻ, ഇവർ തമ്മിലുള്ള അകൽച്ച മാറ്റുവാൻ, അവരെ യോജിപ്പിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. മറ്റ് പല കേന്ദ്രങ്ങളും പല നിലയിൽ ശ്രമിച്ചിട്ടുണ്ട്. രാഷ്ട്രീയമില്ലാത്ത ഒരുപാട് പേർ. പക്ഷേ, ഇപ്പോഴും ഈ ശ്രമം വിജയിച്ചിട്ടില്ല. ഇതാണ് യാഥാർത്ഥ്യം. ഗവൺമെന്റ് അതിന്റെ പേരിൽ ചുമതലയിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നില്ല. ഇനിയും അവിടെ എത്രയും വേഗം സമാധാനം പുനഃസ്ഥാപിക്കാൻ അവിടെനിന്ന് പോയവരെ തിരിച്ചു കൊണ്ടുവരാനുള്ള ശ്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ട് പോവുകയാണ്. ഈ ഘട്ടത്തിൽ നമ്മുടെ ചുമതല എന്താണ്? കേരളത്തിന്റെ ചുമതല എന്താണ് ? ഇവിടത്തെ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ ചുമതല എന്താണ് ? ഇവിടത്തെ മാദ്ധ്യമക്കാരുടെ ചുമതല എന്താണ് ? കേരളത്തിൽ ഒരിക്കലും സംഭവിക്കാൻ വയ്യാത്ത ഏറ്റവും വലിയ ഒരു കൂട്ടക്കുരുതി നടന്നു. അതിനെത്തുടർന്ന് ആളുകൾ ചിതറിപ്പോയി. അവിടെ നമുക്ക് കണ്ണികൾ ഒന്ന് കൂത്തി കെട്ടേണ്ടേ ? മനുഷ്യരുടെയിടയിൽ സമാധാനം ഉണ്ടാകേണ്ടേ ? സൗഹൃദം ഉണ്ടാകേണ്ടേ ? അതിനുവേണ്ടി.....(ബഹളം).....

എനിക്ക് ശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ള ബഹുമാനപ്പെട്ട എല്ലാവർക്കും ഞാൻ പറഞ്ഞതിനെക്കുറിച്ച് പ്രതികരിക്കാനുള്ള അവസരമുണ്ട്. അതുകൊണ്ട് എന്റെ ടീച്ചറേ ഈ പ്രശ്നം കൈകാര്യം ചെയ്യുമ്പോൾ അൽപ്പം ക്ഷമിക്കൂ. എനിക്ക് ക്ഷമയോടുകൂടി മറുപടി പറയാനുള്ള അവസരം തരൂ. അതിനുശേഷം നിങ്ങൾക്കല്ലേ അവസരം വരുന്നത്. ഈ ഒരു പ്രശ്നം ഉണ്ടായ അവസരത്തിൽ നമ്മുടെ കടമ എന്താണ്. അഞ്ചു മാസം കഴിഞ്ഞ് പിന്നേയും പകയുടെ അന്തരീക്ഷം ഇവിടെ നിലനിന്നു. പിന്നേയും കുഴപ്പങ്ങൾ ഉണ്ടായി. ഈ സാഹചര്യത്തിൽ ഇനിയും കുഴപ്പങ്ങൾ ഇവിടെ ഉണ്ടാകാതിരിക്കുക, പൊട്ടി പുറപ്പെടാതിരിക്കുക, ഇനിയും ആവർത്തനം ഉണ്ടാകാതിരിക്കുക, മനുഷ്യരുടെ ഇടയിൽ ഉണ്ടായിട്ടുള്ള പകയും വിദ്വേഷവും മാറ്റിയെടുക്കുക. ഏറ്റവും ചെറിയ പ്രദേശത്തുള്ള അകൽച്ച ആയതുകൊണ്ട് ആ അകൽച്ച വളരെ വലുതാണ്. സംശയം വളരെ വലുതാണ്. ആഴമേറിയ മുറിവുകൾ അവിടെ ഉണ്ടായിട്ടുണ്ട്. അകൽച്ചകൾ ഉണ്ടായിട്ടുണ്ട്, സംശയങ്ങൾ ഉണ്ടായിട്ടുണ്ട്. പരസ്പര വിശ്വാസം വളരെ കുറഞ്ഞു പോയിട്ടുണ്ട്. അത് നമ്മൾ ക്ഷമയോടുകൂടി മനസ്സിലാക്കുക, പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി അത് പരിഹരിക്കാനുള്ള ശ്രമമല്ലേ നടക്കേണ്ടത്.ആ ശ്രമംഎല്ലാവരും ചെയ്യുന്നില്ല. മാറാട് ജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ള പകയും വിദ്വേഷവും മാറ്റി അവരെ കൂട്ടി ഇണക്കാനുള്ള ചുമതല പോലീസിനും ഗവൺമെന്റിനും മാത്രം എന്നുള്ള നിലയിൽ വരികയാണോ ? ഗവൺമെന്റാണെങ്കിൽ, ഞാൻ മാത്രമല്ല എന്റെ സഹപ്രവർത്തകർ ശ്രീ. മുനീറും, ശ്രീ..ശങ്കരനും, ശ്രീ. എം. വി. രാഘവനും, മന്ത്രിസഭാ ഉപസമിതിയും

LIBRARY ARCHIVES Kerala Legislative Assembly

പല സമയം കോഴിക്കോട് പോയി അവരുടെ ശ്രമങ്ങൾ അവർ നടത്തി വരുന്നുണ്ട്. പക്ഷേ, ഇവിടെ സമാധാനം ഉണ്ടാക്കാനുള്ള ചുമതല, മാറാട് പ്രദേശത്തെ അകന്നുപോയ ജനങ്ങളെ വീണ്ടും യോജിപ്പിക്കുന്നതിന് അവരുടെ മനസ്സിൽ കുളിർമ ഉണ്ടാക്കി അവരുടെ മനസ്സിൽ പക മാറ്റി വിദ്വേഷം മാറ്റി യോജിപ്പിക്കുന്നതിനുള്ള ചുമതല പോലീസിനേയും, റവന്യൂ അധികാരികളേയും ഏൽപ്പിക്കുകയും, പുറത്തു നിന്നുകൊണ്ട് മാറാട് സമാധാനം വേണം, ഇവിടത്തെ ജനങ്ങളുടെ ഇടയിൽ സമാധാനം വേണം എന്നു പറയുക, മറുഭാഗത്ത് ഗവൺമെന്റിനു പറ്റിയ വീഴ്ചകൾ പർവ്വതീകരിച്ചുകൊണ്ട് സംസാരിക്കുക, അവിടെയുള്ള ജനങ്ങളുടെ ഇടയിൽ ഇനിയും ഒരിക്കലും തീരാത്ത നിലയിലുള്ള പ്രതികാരം ഉണ്ടാക്കുന്ന നിലയിലുള്ള വാക്കുകൾ ഉപയോഗിക്കുക, ഇത് സമാധാനത്തിന് ഉപകരിക്കുമോ അതോ കൂടുതൽ അകൽച്ച ഉണ്ടാക്കുമോ ? അവിടെ ഇനി ഒരിക്കൽക്കൂടി സമാധാന അന്തരീക്ഷം ഉണ്ടാകുമോ എന്ന് ആലോചിക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ ഉപയോഗിക്കുന്ന വാക്കുകൾ, ഇറക്കുന്ന പ്രസ്താവനകൾ എന്തൊക്കെ ആണെന്ന് നിങ്ങൾ ഓരോരുത്തരും ആലോചിക്കേണ്ടതാണ്. ഗവൺമെന്റിനെ അടിക്കാനുള്ള വടി ഇതിന് പ്രയോഗിക്കുന്നത് രാഷ്ട്രീയമായി നല്ലതായിരിക്കും, പക്ഷേ, ഇത് സംസ്ഥാനത്തോട് ചെയ്യുന്ന നീതി ആയിരിക്കില്ല. പ്രശ്നം വളരെ ഗുരുതരമാണ്. അവിടെയുള്ള പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കുവാൻ രാഷ്ട്രീയത്തിന് അതീതമായി കേരളത്തിലുള്ള ജനങ്ങളും എല്ലാ രാഷ്ട്രീയ കക്ഷികളും സഹകരിക്കണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ക്ഷമയോടുകൂടി വീണ്ടും അവിടെ സമാധാനം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. വിട്ടു പോയവരെ തിരികെ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടായാലും ഇടക്കിയ്ടയ്ക്ക് എന്തെങ്കിലും തിരിച്ചടി ഉണ്ടായാലും അന്തിമമായി ഇവിടെ പരിപൂർണ്ണ സമാധാനം ഉണ്ടാകുന്നതുവരെ ഏകാഗ്രതയോടുകൂടി നിശ്ചയദാർഢ്യത്തോടുകൂടി, ലക്ഷ്യബോധത്തോടുകൂടി ഗവൺമെന്റ് പോകുകയാണ്. ഇവിടെ അന്വേഷണത്തെക്കുറിച്ച് പറഞ്ഞു. എന്തു ചെയ്യാം, സംവേത്തിന്റെ ഗൗരവം കണക്കാക്കി ഹൈക്കോടതിയുടെ സിറ്റിംഗ് ജഡ്ജി തന്നെ വേണമെന്ന് ഗവൺമെന്റ് ആഗ്രഹിച്ച് ഹൈക്കോടതിക്ക് എഴുതി. പ്രത്യേക സാഹചര്യത്തിൽ ജഡ്ജിയെ അയച്ചു തരാനുള്ള പ്രയാസം അറിയിച്ചു. ഏതായാലും പൊതുവായ വികാരം മാനിച്ചുകൊണ്ട് ഗവൺമെന്റ് ഹൈക്കോടതിക്ക് വീണ്ടും എഴുതാൻ പോകുകയാണ്. ഈ പ്രത്യേക സാഹചര്യം വച്ചുകൊണ്ട് ഒരു സിറ്റിംഗ് ജഡ്ജിയെ തരണമെന്ന് ഗവൺമെന്റ് ഹൈക്കോടതിയോട് ആവശ്യപ്പെടാൻ പോകുകയാണ്. കിട്ടിയാലല്ലേ നമുക്ക് ചെയ്യാൻ പറ്റൂ. സിറ്റിംഗ് ജഡ്ജിയെ കിട്ടാൻ പിന്നെയും ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് അൽപം നീണ്ടു പോയത്. ഗവൺമെന്റ് ഈ ശ്രമം തുടരും. അതുകൊണ്ട് കൂടുതൽ വികാരം ആളിക്കത്തിക്കുന്ന നിലയിലുള്ള, കൂടുതൽ പ്രതികാര ദാഹവും, അകൽച്ചയും വിദ്വേഷവും ആളിക്കത്തിക്കാൻ ഇടയുള്ള ആരോപണങ്ങളും പ്രസ്താവനകളും ഈ ഘട്ടത്തിൽ ഒഴിവാക്കുക, നിയന്ത്രിക്കുക, പ്രശ്നങ്ങൾ പരിഹരിക്കുവാൻ ഗവൺമെന്റുമായി സഹകരിക്കുക. ജൂലായ് 5-ാം തീയതി കോഴിക്കോട്ട് വച്ച് ഒരു സമാധാന സമ്മേളനവും കൂടി നടത്തുകയാണ്. എല്ലാവരും സഹകരിക്കണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇവിടെ സമാധാനം പുനഃസ്ഥാപിക്കാനും, വീട് വിട്ടുപോയവരെ മുഴുവൻ തിരികെ കൊണ്ടുവന്ന്

LIBRARY ARCHIVES Kerala Legislative Assembly

പുനരധിവസിപ്പിക്കാനുമുള്ള ശ്രമങ്ങളുമായി മുന്നോട്ടു പോകും. എല്ലാവരും ഗവൺമെന്റുമായി സഹകരിക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ സമയത്ത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ഘട്ടമാണെന്ന അഭിപ്രായം ഇല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല. (അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിക്ഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : മാറാട് ഇപ്പോൾ ഉണ്ടായ സംഭവത്തെ സംബന്ധിച്ചും അതിനെത്തുടർന്നുണ്ടായ സംഭവത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പരാമർശിക്കുകയുണ്ടായി. മാറാട് ഇപ്പോൾ 9 പേരുടെ കശാപ്പാണ് നടന്നത്. ആ കശാപ്പിന് ഉത്തരവാദികളായ ആളുകളെ കണ്ടുപിടിക്കുന്നതിനു വേണ്ടിയിട്ടുള്ള ഗവൺമെന്റിന്റെ ശ്രമം എന്നു പറയുന്നത്, ഒരു ജുഡീഷ്യൽ എൻക്വയറി ഗവൺമെന്റ് പ്രഖ്യാപിച്ചു. ജുഡീഷ്യൽ എൻക്വയറി സാക്ഷാൽക്കരിക്കുന്നതിന് ഉണ്ടായിട്ടുള്ള നടപടി എന്നു പറയുന്നത് ഗവൺമെന്റ് ചീഫ് ജസ്റ്റിസിന് എഴുതി, ഫലമുണ്ടായില്ല. കാത്തിരുന്നു എന്നാണ്. അങ്ങനെ കാത്തിരുന്നാൽ മതിയോ? ചീഫ് മിനിസ്റ്റർ ചീഫ് ജസ്റ്റിസുമായി നേരിട്ട് തന്നെ അടിയന്തിര സ്വഭാവം ബോധ്യപ്പെടുത്താനുള്ള ശ്രമം നടത്തിയോ ? അതല്ലെങ്കിൽ കല്ലുവാതുക്കൽ സംഭവത്തിൽ സിറ്റിംഗ് ജഡ്ജിയെ കിട്ടാൻ വേണ്ടി അന്നത്തെ മുഖ്യമന്ത്രി ശ്രമിച്ചു. കിട്ടാതെ വന്നപ്പോൾ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലെ ഹൈക്കോടതികളിൽനിന്നും ഏതെങ്കിലും ജഡ്ജസിനെ കിട്ടാൻവേണ്ടി പരിശ്രമിച്ചു. അങ്ങനെ ജഡ്ജിയെ കിട്ടിയതിന്റെ ഫലമായിട്ടാണ് കല്ലുവാതുക്കൽ ദുരന്തം സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തിയത്. ആ തരത്തിൽ ഒരു പരിശ്രമം, ജുഡീഷ്യൽ എൻക്വയറി എന്ന ഒരന്വേഷണത്തിൽ ഒതുങ്ങി നിന്നുകൊണ്ട് അത് നടത്തുന്നതിനുവേണ്ട ഒരു ശ്രമവും നടത്തിയതായി കാണുന്നില്ല. അങ്ങനെ 9 പേരുടെ അറുകൊല നടത്തിയ കാപാലികൻമാർക്ക് എതിരെ കർശന നടപടി സ്വീകരിക്കുന്നു എന്നുള്ള ഇംപ്രഷൻ ഉണ്ടാക്കുന്നതിന് കേരളത്തിലെ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെയാണ് രണ്ടു കൂട്ടർ തമ്മിലുള്ള അത്യന്തം ക്രൂരവും നീചവുമായ വർഗ്ഗീയ സംഘട്ടത്തിനിടയിൽ അടിച്ചോടിക്കപ്പെട്ടവരോ പ്രാണരക്ഷാർത്ഥം ഓടി പോയവരോ ആയ നാൽപ്പതിൽപ്പരം കുടുംബങ്ങൾ നിരാശ്രയരായി കടത്തിണ്ണകളിലും അന്യരുടെ വീടുകളുടെ തിണ്ണകളിലും മറ്റുമായി എത്രയോ ദിവസമായി ഇങ്ങനെ അലഞ്ഞു തിരിയുകയാണ്. സ്ക്കൂൾ തുറന്നു. അവർക്കും കുട്ടികളുണ്ട്. മറ്റുള്ളവരുടെ കുട്ടികൾ ബാഗും തൂക്കി പുതിയ ഉടുപ്പും ധരിച്ച് പുതിയ പുസ്തകങ്ങളുമായി പോകുന്നത് ഈ കുട്ടികളും തള്ളമാരും കാണുകയാണ്. കുട്ടികളെപ്പറ്റി ഏറെ വ്യസനം കാണിക്കുന്ന മുഖ്യമന്ത്രിക്ക് ആ കുട്ടികളോടും ആ കുടുംബത്തോടും സഹതാപം ഉണ്ടായിരുന്നുവെങ്കിൽ അവരവരുടെ സ്വന്തം ഭൂമിയിൽ സ്വന്തം വീട്ടിൽ താമസിക്കാൻ വരുമ്പോൾ ബലം പ്രയോഗിച്ച് അവരെ തടയാൻ ഇൻഡ്യയിലെ ഏതെങ്കിലും ആളുകൾ പരിശ്രമിച്ചാൽ അത് തടയാനുള്ള ബാദ്ധ്യത ആഭ്യന്തര വകുപ്പിനില്ലേ ? നിയമ സമാധാനപാലനത്തിന് ചുമതല ഏറ്റിട്ടുള്ള പോലീസിനില്ലേ ? കാഴ്ചക്കാരായി നോക്കി നിൽക്കുകയാണോ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യേണ്ടത് ? മുഖ്യമന്ത്രി പറഞ്ഞു ബലം പ്രയോഗിച്ച് ഇവിടെ താമസിപ്പിക്കുന്ന പ്രശ്നമില്ലെന്ന്. ബലം പ്രയോഗിച്ച് അവരെ തടയാനുള്ള അവകാശമുണ്ടെന്നല്ലേ അതിന്റെ അർത്ഥം? സ്വതന്ത്രമായി തങ്ങളുടെ വീട്ടിൽ താമസിക്കുവാനുള്ള അവകാശം, ഇൻഡ്യൻ പൗരന്റെ അവകാശം അവർ സ്വീകരിച്ചതിന്റെ ഫലമായി അവരെ ബലം പ്രയോഗിച്ച് തടയുന്നു. ബലം പ്രയോഗിച്ച് തടയുമ്പോഴാണ് നിയമ സമാധാനത്തിന്റെ പ്രശ്നം അവിടെ വരുന്നത്. നിയമ പാലകൻമാരുടെ ചുമതല ഇവിടെ വരുന്നത്. കേരള പോലീസിന്റെ അഭിമാനം ഇവിടെ വരുന്നത്. അന്വേഷിച്ചതിൽ ഇവിടത്തെ ജില്ലാ പോലീസ് ഉദ്യോഗസ്ഥൻമാരും, ജില്ലാകളക്ടറും പറഞ്ഞത് ഒരു ഗൈഡൻസ് കിട്ടിയാൽ ഒരു മണിക്കൂറിനകം അവരെ താമസിപ്പിക്കും എന്നാണ്. മുഖ്യമന്ത്രിയുടെ മനോഭാവമെന്ത്? ബലം പ്രയോഗിച്ച് നടക്കില്ലെന്ന്. അപ്പോൾ സ്വന്തം വീട്ടിൽ ഇൻഡ്യൻ പൗരന് താമസിക്കാനുള്ള പ്രാഥമിക മനുഷ്യാവകാശം നിഷേധിക്കുന്നതിന് യാതൊരുളുപ്പും മുഖ്യമന്ത്രിക്ക് ഇല്ല.. അവർ അതിന് ശ്രമിക്കുമ്പോൾ, അവരെ തടയാനുള്ള അവകാശം ഒരു കൂട്ടർ കാണിക്കുമ്പോൾ അതിനു മുമ്പിൽനിന്നും നിസ്സഹായത കാണിക്കുകയാണ്. അഭിമാനത്തോടുകൂടി ഒരു മുഖ്യമന്ത്രിക്ക് ഇത് എങ്ങനെ പറയാൻ കഴിഞ്ഞു എന്ന് ഞാൻ അതിശയിക്കുകയാണ്. പക്ഷേ, അങ്ങയുടെ കീഴിലാണല്ലോ ദൗർഭാഗ്യവശാൽ ഞങ്ങളെല്ലാം, കേരളീയർ കഴിയുന്നത്. ഇന്ത്യയുടെ മറ്റ് സ്ഥലങ്ങളിലെല്ലാം ഉള്ള ഭരണാധികാരികളും ജനങ്ങളും ഇത്. ഉറ്റു നോക്കുകയല്ലേ ? നമുക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണോ ഇത് ? അല്ല. അങ്ങിവിടെ സഹകരണം വേണമെന്ന് അഭ്യർത്ഥന നടത്തി. അഭ്യർത്ഥനയും പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും യോജിപ്പുംകൊണ്ട് ഈ പ്രശ്നം തീരുമോ ? ഇല്ല. യഥാർത്ഥ പ്രശ്നം എന്താണ് ? നിങ്ങൾ എൻ.ഡി.എഫ്.-നും, ആർ.എസ്.എസ്-നും കീഴ്വഴങ്ങുന്ന നയം എന്ന് അവസാനിപ്പിക്കുമോ അന്നേ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുകയുള്ളൂ. അതാണ് കുറ്റപത്രം സമർപ്പിക്കാൻ നിങ്ങളുടെ പോലീസിന് കഴിയാത്തത്. അതാണ് ജുഡീഷ്യൽ ഉദ്യോഗസ്ഥനെ ഇതുവരെ പ്രഖ്യാപിക്കാൻ നിങ്ങൾക്ക് കഴിയാത്തത്. ജുഡീഷ്യൽ ഉദ്യോഗസ്ഥനെ പ്രഖ്യാപിച്ചു കഴിഞ്ഞാലേ 9 പേരുടെ കശാപ്പിന് ഇരയായവരുടെ ബന്ധുക്കളെ, വിഷമ ഹൃദയവുമായി കഴിയുന്ന ജനങ്ങളെ തെല്ലെങ്കിലും ആശ്വസിപ്പിക്കാൻ കഴിയൂ. ആ നടപടി നിങ്ങൾ സ്വീകരിക്കുന്നില്ല. അതുപോലെതന്നെ 400-ൽപ്പരം കുടുംബാംഗങ്ങളെ അവിടെ താമസിപ്പിക്കാനുള്ള കാര്യത്തിലും നിങ്ങൾ ഒളിച്ചുകളി നടത്തുകയാണ്. ഏതാണ്ട് 500-ൽപ്പരം തൊഴിലാളികൾ, അവരുടെ ഏഴോളം ബോട്ടുകൾ ഈ തടയുന്ന കൂട്ടർതന്നെ കത്തിച്ച് നശിപ്പിച്ചതിനെപ്പറ്റി ഞാൻ ഈ സഭയിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഫിഷറീസ് വകുപ്പിന്റെ ചുമതലയിലോ മറ്റേതെങ്കിലും സംവിധാനത്തിലോ കുറച്ച് ബോട്ടുകൾ വാങ്ങി അവർക്ക് ജോലി ചെയ്ത് ജീവിക്കാനുള്ള സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ ? അങ്ങനെ യാതൊരു നടപടിയും നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. അപ്പോൾ ഈ കാര്യത്തിൽ ഗവണ്മെന്റിന്റെ കുറ്റകരമായ നിലപാട് മാറ്റാതിരിക്കുന്നിടത്തോളം കാലം പ്രതിപക്ഷത്തിന് നിങ്ങൾ പറയുന്നത് എല്ലാം കേട്ട് ശരി,ശരി, ശരിക്കു ശരി എന്നുപറയാൻ ഞങ്ങൾക്ക് സാധിക്കുകയില്ല. നിങ്ങളുടെ ഗൗരവതരമായ വീഴ്ച, തെറ്റ്, അത് തിരുത്താനുള്ള ചുമതല നിങ്ങൾക്കുണ്ട്. അത് നിങ്ങളോട് പറയുക എന്നുള്ള ചുമതലയാണ് ഞങ്ങൾ നിറവേറ്റിക്കൊണ്ടിരിക്കുന്നത്. അത് നിങ്ങൾ ചെയ്യാൻ തയ്യാറാകാതിരിക്കുന്നിടത്തോളം കാലം നിങ്ങളുടെ നടപടിയിൽ ശക്തമായി പ്രതിഷേധിച്ച് ഞങ്ങൾ സഭയിൽനിന്നും വാക്കൗട്ട് നടത്തുകയാണ്.

10 A.M.]

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അത്യന്തം ഗൗരവമായ ഒരു അന്തരീക്ഷം നിലനില്ക്കുകയാണ്. അതാണ് ഇവിടെ ശ്രീ. മത്തായി ചാക്കോ ഈ അടിയന്തിര പ്രമേയത്തിലൂടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞതിനെപ്പറ്റി ഞാൻ ആവർത്തിക്കുന്നില്ല. യഥാർത്ഥത്തിൽ മനുഷ്യാവകാശ ലംഘനം നടന്നിരിക്കുകയാണ്. മാധ്യമങ്ങളിലൂടെ, പ്രത്യേകിച്ച് ടി.വി. മാധ്യമങ്ങളിലൂടെ ജനങ്ങൾ മുഴുവൻ അവിടെ നടക്കുന്ന സംഭവങ്ങൾ നേരിട്ട് ഈ കഴിഞ്ഞ ദിവസം കണ്ടതാണ്. 200, 250-ഓളം സ്ത്രീകൾ വളഞ്ഞുനിന്ന് ആ വീട്ടിൽ നടത്തിയ അക്രമങ്ങളും നാശനഷ്ടങ്ങളും അവർ സൃഷ്ടിച്ച ഭീകരാവസ്ഥയും, അത് നോക്കിനിന്ന പോലീസും. നീതിയും നിയമവും നിയമവാഴ്ചയും ഇവിടെ തകരുകയാണ്. മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാൻ ബാദ്ധ്യതയുള്ള, ഭരണഘടനാപരമായി ഉത്തരവാദിത്വമുള്ള ഗവൺമെന്റാണ് ഇവിടെ വീഴ്ച വരുത്തുന്നത്. ബോധപൂർവ്വമായി അക്രമികളോടും ഭീകരവാദികളോടും മതതീവ്രവാദികളോടും അടിയറ പറയുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അവിടെ പോകാൻ കഴിഞ്ഞു. എങ്ങനെയാണ് അതിന് കഴിഞ്ഞത് ? ഇവിടെ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ചോദിച്ചു, ശ്രീ. പിണറായി വിജയനും നിങ്ങൾക്കുമൊക്കെ അവിടെ പോകാൻ കഴിഞ്ഞോ എന്ന്. കഴിഞ്ഞില്ല. ഞങ്ങൾ മടങ്ങിപ്പോന്നു. പക്ഷേ, മുഖ്യമന്ത്രിക്ക് പോകാൻ കഴിഞ്ഞു. എങ്ങനെ പോകാൻ കഴിഞ്ഞു എന്നുള്ളത് ഞങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചതാണ്. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടിക്കും ശ്രീ. എം.കെ. മുനീറിനും അവിടെ പോകാൻ കഴിഞ്ഞില്ല. മുഖ്യമന്ത്രി കൂടെക്കൂട്ടിക്കൊണ്ടുപോയില്ല. സഹപ്രവർത്തകരായ 3 മന്ത്രിമാർ അംഗങ്ങളായ ഉപസമിതി വിളിച്ചുകൂട്ടിയ ചർച്ചകളിൽ ബി.ജെ.പി. നേതാക്കൾ വന്നില്ലല്ലോ. പക്ഷേ, മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ സർവ്വകക്ഷി യോഗത്തിൽ ബി.ജെ.പി.യുടെ സംസ്ഥാന നേതാക്കന്മാരുടെ നിരതന്നെ വന്നിരുന്നു. ഇന്നലെയും ശ്രീ. എം.കെ.മുനീറിന്റെ നേതൃത്വത്തിലുള്ള ഉപസമിതി അവിടെ പോയി. ചർച്ച നടത്തി ; ബി.ജെ.പിക്കാർ ചർച്ചയ്ക്ക് വന്നില്ലല്ലോ. വീണ്ടും ചർച്ച വേണമെന്നുപറഞ്ഞ് നാണംകെട്ട ചിത്രവുമായിട്ടല്ലേ നിങ്ങൾ, 3 മന്ത്രിമാർ തിരിച്ചു വന്നത്. അതിനുശേഷം പോലീസ് നിർബ്ബന്ധിച്ച് ആ കുടുംബത്തെ തിരിച്ചയച്ചുവെന്ന് കേരളത്തിലുള്ള മുഴുവൻ പത്രങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എങ്ങനെ ഇവിടെ നീതിയും നിയമവും സംരക്ഷിക്കപ്പെടും ? മനുഷ്യന്റെ ജീവനും സ്വത്തിനും.....

നിങ്ങളുടെ കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. കെ. മുരളീധരനെതിരെ ഇന്നലെ വൈകുന്നേരം നടന്ന ആക്രമണം....

മി.സ്പീക്കർ : ഓരോന്നും പറയുന്നതിന് ഓരോ സന്ദർഭമുണ്ട്.

ശ്രീ. കെ. പി. രാജേന്ദ്രൻ : .....ഈ നിലപാടിൽ പ്രതിഷേധിച്ചും, നീതിയും നിയമവാഴ്ചയും സംരക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്നതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഈ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ശ്രീ. കെ. പി. രാജേന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

ഡോ. എ. നീലലോഹിതദാസൻ നാടാർ : സർ, പോലീസ് ഭരണത്തിൽ രാഷ്ട്രീയ ഇടപെടൽ പാടില്ല എന്ന ഉറച്ച നിലപാട് എടുത്തിരിക്കുന്ന മുഖ്യമന്ത്രിയാണ് മാറാട് പുനരധിവാസത്തിന് തടസ്സം സൃഷ്ടിക്കുന്ന രാഷ്ട്രീയ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുന്നത്. ആർ.എസ്.എസ്.നും സംഘ്പരിവാറിനും അനിഷ്ടം സൃഷ്ടിക്കുന്ന ഒരു പ്രവർത്തനവും ജില്ലാ ഭരണകൂടത്തിന്റേയും പോലീസിന്റേയും ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല എന്ന മുഖ്യമന്ത്രിയുടെ വ്യക്തിപരമായ തീരുമാനമാണ് മാറാട് പുനരധിവാസം സംബന്ധിച്ച് ജില്ലാഭരണകൂടത്തിന്റെ നടപടികൾക്ക് തടസ്സം സൃഷ്ടിക്കുന്നത് എന്ന ശക്തമായ ആരോപണം ഇവിടെ ഉന്നയിക്കുകയാണ്. ആ ഒറ്റ നിലപാട് കൊണ്ടാണ് അവിടെ പുനരധിവാസം നടക്കാത്തത്. ഇതിനെക്കുറിച്ച് വിശദമായ ചർച്ച നടത്തേണ്ടതായിട്ടുണ്ട്. ഈ ഭരണ മുന്നണിയിലെതന്നെ ഓരോ കക്ഷിയുടേയും ഇതുസംബന്ധിച്ച അഭിപ്രായം ഇവിടെ വ്യക്തമാക്കേണ്ടതായിട്ടുണ്ട്. അങ്ങനെ ഒരു ചർച്ച ഇവിടെ അനുവദിക്കാത്ത നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഡോ. എ.നീലലോഹിതദാസൻ നാടാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോവുകയും അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

ശ്രീ. എ. എ. അസീസ് : സർ, മാറാട് സംഭവം യഥാർത്ഥത്തിൽ ഗവൺമെന്റ് ആർ.എസ്.എസ്.ന് കീഴടങ്ങുന്ന ലജ്ജാകരമായ സംഭവമാണ്. യഥാർത്ഥത്തിൽ പോലീസിന്റെ അനുമതിയോടുകൂടി പുനരധിവാസത്തിനുവേണ്ടിയാണ് 2 കുടുംബങ്ങളെ അവിടെ കൊണ്ടുവന്നത്. അവരെ തിരിച്ചയയ്ക്കേണ്ടിവന്ന ഖേദകരമായ സംഭവം യഥാർത്ഥത്തിൽ ഈ ഗവണ്മെന്റിന് ലജ്ജാകരമാണ്. അത് ഒരിക്കൽക്കൂടി ആർ.എസ്.എസ്.-ന് കീഴടങ്ങുന്നു എന്നുള്ളത് നിങ്ങൾ തെളിയിച്ചിരിക്കുകയാണ്. ഈ സംഭവത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോവുകയും അല്പ സമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരാകുകയും ചെയ്തു.)

III ശ്രദ്ധക്ഷണിക്കൽ

(1) പദ്ധതി നിർവ്വഹണത്തിന് ലക്ഷ്യം നേടാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : സർ, പദ്ധതി നിർവ്വഹണം യഥാസമയം പ്രതീക്ഷിച്ച രീതിയിൽ നടപ്പാകാതെ വരുന്ന സ്ഥിതിക്ക് മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടി ഇംപ്ലിമെന്റേഷൻതലം മുതൽ ക്യാബിനറ്റ്വരെ പദ്ധതി വിലയിരുത്തൽ ഉണ്ടാകണമെന്ന് ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly